(സി) നിലവിലുള്ള ബാർ/റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

ജില്ല	ബാർ	റീട്ടെയിൽ ഔട്ട്ലെറ്റ്
തിരുവനന്തപുരം	6	39
കൊല്ലം	2	32
പത്തനംതിട്ട	0	16
ആലപ്പുഴ	2	22
കോട്ടയം	2	27
ഇടുക്കി	1	22
എറണാകുളം	11	46
തൃശ്ശൂർ	1	27
പാലക്കാട്	0	23
മലപ്പുറം	1	9
കോഴിക്കോട്	1	14
വയനാട്	0	6
കണ്ണൂർ	0	15
കാസർഗോഡ്	1	8
ആകെ	28	306

വ്യാജമദ്യത്തിന്റെ ഉപഭോഗം

225 (202) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-മുതൽ 2015 വരെ ഓരോ വർഷവും ഡിസംബർ 31-ന് സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ വിറ്റവരവ് എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇക്കഴിഞ്ഞ പുതുവത്സര തലേന്ന് സംസ്ഥാനത്തെങ്ങും സെക്കൻസ് ഉൾപ്പെടെയുള്ള അനധികൃത മദ്യം വ്യാപകമായി വിറ്റഴിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എക്സൈസ് അധികൃതർ പിടിച്ചെടുത്ത വ്യാജമദ്യത്തിന്റെ കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യാജമായി വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ കണക്കുകൾകൂടി പരിഗണിച്ചാൽ പുതുവത്സര തലേന്ന് മദ്യത്തിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചിട്ടുള്ളതായി അറിയാമോ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷനിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ വർഷവും ഡിസംബർ 31-ന് സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ വിറ്റുവരവ് ചുവടെ ചേർക്കുന്നു:

വർഷം	ഡിസംബർ 31-ാം തീയതിയിലെ മദ്യത്തിന്റെ വിറ്റുവരവ് (രൂപ കോടിയിൽ)
2011	32.50
2012	30.98
2013	35.82
2014	42.01
2015	44.60

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് ഡിവിഷനിൽ ഇക്കഴിഞ്ഞ പുതുവൽസരത്തലേന്ന് 26.5 ലിറ്റർ മാഹി വിദേശ മദ്യവും 10.5 ലിറ്റർ ഗോവൻ വിദേശമദ്യവും പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ഡിവിഷനിൽ 5 ലിറ്റർ ചാരായം കണ്ടെടുത്ത് കേസ്സാക്കിയിട്ടുള്ളതാണ്.

(സി) വൻതോതിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബാർ തൊഴിലാളികളുടെ പുനരധിവാസം

226 (203) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചു പൂട്ടിയ ബാറുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കാനെന്ന നിലയിൽ മദ്യവില്പനയിലൂടെ ഇതിനകം സമാഹരിച്ച മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സമാഹരിച്ച തുക ഇതിനകം എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി ;

(സി) പുനരധിവാസത്തിനർഹതയുള്ളവർ എത്ര; ഇവരെയെല്ലാം പുനരധിവസിപ്പിക്കാനാവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly